**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2185** **21-06-2024 - ൽ മറുപടിയ്ക്ക്**

**കുഞ്ചത്തൂർ കുടുംബക്ഷേമ ഉപകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം പഞ്ചായത്തിലെ കുഞ്ചത്തൂർ കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി പി.എച്ച്.സി. നിലവാരത്തിലേക്ക് ഉയർത്തണമെന്നാവശ്യപ്പെട്ട് മഞ്ചേശ്വരം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | കുഞ്ചത്തൂർ കുടുംബക്ഷേമ ഉപകേന്ദ്രത്തിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച ബഹു. എം എൽ എ സമർപ്പിച്ച നിവേദനം ആരോഗ്യവകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ആരോഗ്യ കേന്ദ്രം പി.എച്ച്.സി. ആയി ഉയർത്തുകയോ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി എല്ലാ ദിവസവും ഉച്ചവരെയെങ്കിലും രോഗികൾക്ക് ചികിത്സ ലഭ്യമാക്കുകയോ ചെയ്യുമോ; വ്യക്തമാക്കാമോ? | (ബി) | മഞ്ചേശ്വരം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്നും 5 കിലോ മീറ്റർ താഴെ മാത്രമാണ് കുഞ്ചത്തൂർ കുടുംബക്ഷേമ ഉപകേന്ദ്രത്തിലേക്കുള്ള ദൂരം.<br><br>കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ നൽകി വരുന്ന എല്ലാ സേവനങ്ങളും കുഞ്ചത്തൂർ കുടുംബക്ഷേമ ഉപകേന്ദ്രത്തിൽ നിന്നും നൽകി വരുന്നുണ്ട്. നിലവിലെ മാനദണ്ഡ പ്രകാരം കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ഡോക്ടറെ നിയമിക്കുവാൻ നിർവ്വാഹമില്ല .മെഡിക്കൽ ക്യാമ്പ്, പ്രതിരോധ കുത്തിവയ്പ് ദിവസങ്ങളിൽ ഡോക്ടറുടെ സേവനം ലഭ്യമാണ് . |

സെക്ഷൻ ഓഫീസർ